കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

മരുതറോഡ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail:- dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-14-374/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 12-05-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മരുതറോഡ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- മരുതറോഡ് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരുതറോഡ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-14/374/2020 തിയ്യതി: -12-05-2020

പാലക്കാട് ജില്ലയിലെ മരുതറോഡ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മരുതറോഡ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-5-2019 മുതൽ 19-2-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	എൻ.സതീശൻ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	20-02-2020 മുതൽ 02-03-2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	
ശ്രീ.സി.എസ്.സന്തോഷ്	ഓഡിറ്റ് ഓഫീസർ
ശ്രീ.എം.ശിവപ്രസാദ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എം.മുഹമ്മദ് ഹിഷാം	ഓഡിറ്റർ
ശ്രീമതി.ലിക്സി അലക്സ്	ഓഡിറ്റർ

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്	ശ്രീമതി.രാജലക്ഷ്മി.കെ	01-04-2018 മുതൽ 31-03-2019 വരെ
സെക്രട്ടറി	ശ്രീ.ശ്രീകുമാർ.ജി	01-04-2018 മുതൽ 01-07-2018വരെ

	ശ്രീ.മനോജ്.എസ്	02-07-2018 മുതൽ 15-03-2019 വരെ
	ശ്രീ.രാമചന്ദ്രൻ.കെ.പി	16-03-2019 മുതൽ 31-03-2019 വരെ

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
അസി.എഞ്ചിനീയർ	ശ്രീമതി.റീജ.എസ്.രാജ്	01-04-2018 മുതൽ 31-03-2019 വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ശ്രീമതി.ദീപ.സി	01-04-2018 മുതൽ 31-03-2019 വരെ
എച്ച്.എം., ജി.എൽ.പി.എസ്	ശ്രീ.അനന്തകൃഷ്ണൻ.എ	01-04-2018 മുതൽ 31-03-2019 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.രാമചന്ദ്രൻ.കെ.പി	01-04-2018 മുതൽ 31-03-2019 വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	ഡോ.ബിജുമോൻ.കെ.എം	01-04-2018 മുതൽ 31-03-2019 വരെ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ.ബാലാമണി.എസ്	01-04-2018 മുതൽ 31-03-2019 വരെ
മെഡിക്കൽഓഫീസർ (ആയുർവ്വേദം)	ഡോ.സ്വപ്ന ചന്ദ്രൻ	01-04-2018 മുതൽ 31-03-2019 വരെ
വെറ്ററിനറി സർജൻ	ഡോ.സുധി.ആർ	01-04-2018 മുതൽ 31-03-2019 വരെ
കൃഷി ഓഫീസർ	ശ്രീമതി.ഭാഗ്യലത.വി.കെ	01-04-2018 മുതൽ 31-03-2019 വരെ
ഐ.സിഡി.എസ്. സൂപ്പർവൈസർ	ശ്രീമതി.രാധ.എൽ	01-04-2018 മുതൽ 31-03-2019 വരെ
ക്ഷീര വികസന ഓഫീസർ	ശ്രീമതി.അഫ്സ.എം.എസ്	01-04-2018 മുതൽ 31-03-2019 വരെ

ഉള്ളടക്കം

ഭാഗം 1

ഓഡീറ്റ് റിപ്പോർട്ട്

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1

2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം	1-3
4	ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം	1-4
5	പദ്ധതി അവലോകനം	1-5
6	ക്ഷേമ പദ്ധതികൾ	1-6
7	ക്യാഷ് പരിശോധന	1-7
8	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
9	ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്	1-9
10	വൈദ്യുത ശ്മശാനം, ആംബുലൻസ് എന്നിവയിൽ നിന്നുള്ള പിരിവ് - രസീതി ബുക്കുകൾ നിയമാനുസൃതമാക്കേണ്ടതാണ്	1-10
11	തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്	1-11
12	വസ്തു നികുതി നിർണ്ണയം-കെട്ടിടത്തിന്റെ തരം സഞ്ചയയിൽ തെറ്റായി ചേർത്തിരിക്കുന്നു	1-12
13	ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ	1-13
14	അനധികൃതമായി നിർമ്മിച്ച ഫ്ലാറ്റിന് നിയമാനുസൃത വസ്തുനികുതി നിശ്ചയിച്ച് ഈടാക്കേണ്ടതാണ്	1-14
15	ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല	1-15
16	തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്	1-16
17	കുടിവെള്ള പദ്ധതികളുടെ പരിപാലനം - ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഏറുന്നു	1-17
18	പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണം - വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്	1-18
19	ഇലക്ട്രിക് ക്രിമട്ടോറിയത്തിന്റെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്	1-19
20	വാഹനത്തിന്റെ ഉപയോഗം-പ്രധാന രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്	1-20
21	അസാധാരണ ചെലവുകൾ - ചട്ടം അനുശാസിക്കുന്ന പരിധിയിൽ കവിഞ്ഞുള്ള ചെലവ് 12359രൂപ നിരാകരിക്കുന്നു	1-21
22	ടാർ വാങ്ങി നൽകൽ - ബി.പി.സി.എല്ലിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്	1-22
23	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്	1-23
24	മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം,	1-24

	മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്	
25	പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല	1-25
26	റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല	1-26
27	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല	1-27
28	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ -മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-28
29	സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം-രേഖകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്	1-29
30	സർവ്വ ശിക്ഷാ അഭിയാൻ - ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടപ്പാക്കിയെന്ന് ഉറപ്പാക്കേണ്ടതാണ്	1-30
31	ഊർജ്ജിത സാക്ഷരതാ യജ്ഞം -13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്	1-31
32	ബാലസഭാ പ്രവർത്തനങ്ങൾ മാർഗ്ഗരേഖക്ക് അനുസൃതമാക്കേണ്ടതാണ്	1-32
33	ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്-പാലളവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല	1-33
34	കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല	1-34
35	കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ -തുടർപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്	1-35
36	ലൈഫ് മിഷൻ ഭവന പദ്ധതി- അവലോകനം	1-36

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒന്നുമില്ല.

ഭാഗം-III

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം- സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല	3-1

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരം	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

ഭാഗം -1
ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

27-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 15.02 കോടി രൂപയും ചെലവ് 13.82കോടി രൂപയും നീക്കിയിരിപ്പ് 2.10 കോടി രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് 14-3-2019 തിയതിയിൽ പാസാക്കിയിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2018-19	31-07-2019	16-05-2019	-	-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	12942093.41
വരവ്	154222674
ആകെ	167164767.41
ചെലവ്	129029723
നീക്കിയിരിപ്പ്	38135044.41

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻ വർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം)	0	19274783	19274783	16640198	2634585
വികസന ഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം)	0	12279000	12279000	11684401	594599
വികസന ഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം)	0	260000	260000	0	260000
മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം)	0	12797000	12797000	12797000	0
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം)	0	3973000	3973000	2727637	1245363

സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്	0	8960000	8960000	8960000	0
ട്രഷറി- TSB (G.P.G ഉൾപ്പെടെ)	-2909712	44833763	41924051	33100914	8823137
തനത് ഫണ്ട് - യൂണിയൻ ബാങ്ക്	11397589.31	26647547	38045136.31	14036535	24008601.31
തനത് ഫണ്ട് - പി.എസ്. സി.ബി	2593069.10	5305463	7898532.1	5256523	2642009.10
തനത് ഫണ്ട് - എം.പി. എസ്.സി.ബി	1813892	425470	2239362	355546	1883816
സാക്ഷരത -SBI	39199	2676	41875	41875	0
എം.എൻ. ആർ. ഇ.ജി.എസ്- അഡ്മിനി സ്ട്രേറ്റീവ് ചെലവ്	785	791682	792467	772411	20056
എം.എൻ. ആർ.ഇ.ജി.എസ്- തൊഴിലാ ളികളുടെ വേതനം	0	19068580	19068580	19068580	0
ബി ഫണ്ട്	0	150600	150600	150600	0

ജോയിന്റ് വെഞ്ചർ പ്രോജക്ടുകൾക്കുള്ള ഫണ്ട് (മറ്റ് അക്കൗണ്ടുകളിൽ ഉൾപ്പെട്ടതുക)

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയി രിപ്പ്
ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത്	4000000	3647341	7647341	3517341	4130000
ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത്	0	5524549	5524549	4840070	684479

കേന്ദ്ര വിഹിതം (ടി.എസ്.പി അക്കൗണ്ടിൽ ഉൾപ്പെട്ടതുക)

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയി രിപ്പ്
ഐ.സി.ഡി.എസ്	1644328	725850	2370178	1198567	1171611
ശുചിത്വ മിഷൻ	0	2178518	2178518	0	2178518

1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
234	180975550	168	97760818	-	66	72

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 72% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52% ചെലവഴിച്ചിട്ടുണ്ട്.

<u>മെ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	3	3	10720000	6935360	65
വി.ഇ.ഒ	13	4	81092900	41267269	51
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	7	5306000	4828934	91
സെക്രട്ടറി	30	15	18615254	6687121	36
അസിസ്റ്റന്റ് എഞ്ചിനിയർ	148	111	49485149	27137883	55
എച്ച്.എം	9	4	18615254	6687121	36
മെഡിക്കൽ ഓഫീസർ-PHC	5	5	964351	604743	63
മെഡിക്കൽ ഓഫീസർ-ആയുർവേദം	2	2	400000	399999	100
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	200000	200000	100
വെറ്ററിനറി സർജ്ജൻ	5	5	5145000	3070000	60
അസി.സെക്രട്ടറി	10	10	6180900	4342336	70
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	381585	373162	98
ആകെ	234	168	197106393	102533928	52

1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	തൊഴിൽരഹിത വേതനം	150600	92
2	കർഷക തൊഴിലാളി പെൻഷൻ	9854400	779
3	വിധവാ പെൻഷൻ	15403400	1297
4	വാർദ്ധക്യകാല പെൻഷൻ	21251000	1693
5	വികലാംഗ പെൻഷൻ	3186400	246
6	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	545800	49

1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-2-2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 36099 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം.	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി
1	പെർഫോമൻസ് ഓഡിറ്റ്	14-1-2020	12/2019	15-1-2020
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	31-5-2017 മുതൽ 13-06-2017 വരെ	2013-14 മുതൽ 2016-17	3-8-2018

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്

രസീതികളുടെ സൂക്ഷിപ്പ്, സ്റ്റോക്ക് എന്നിവ കൃത്യമാണോ എന്ന് പരിശോധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിൽ മേലുദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ആംബുലൻസിന്റേയും വൈദ്യുത ശ്മശാനത്തിന്റേയും രസീതികൾ ചട്ടങ്ങൾ പ്രകാരമുള്ള ഫോറത്തിലല്ലെന്നും ആംബുലൻസിന്റെ രസീതികൾക്ക് സ്റ്റോക്കില്ലെന്നും ശ്രദ്ധിയിൽപ്പെട്ടു.

കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം ഈടാക്കുന്നതിനായി കൃത്യമായ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. ഓരോ ഗുണഭോക്താവിന്റെയും കുടിശ്ശികയുടെ വിവരവും ലഭ്യമല്ല. വരവിനങ്ങളുടെ

രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് മേലധികാരികൾ ഉറപ്പാക്കിയിട്ടില്ല എന്ന് വിലയിരുത്തുന്നു.
ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ അടങ്ങിയ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ടെങ്കിലും രേഖകളുടെ സൂക്ഷിപ്പിൽ കൂടുതൽ കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. അക്കൗണ്ടിംഗിലെ അപാകതകൾ പരിഹരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

1-10 വൈദ്യുത ശ്മശാനം, ആംബുലൻസ് എന്നിവയിൽ നിന്നുള്ള പിരിവ് - രസീതി ബുക്കുകൾ നിയമാനുസൃതമാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 സി പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതികൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കണം. രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പാർട്ടിക്ക് നല്കേണ്ടതുമാണ്.

ചട്ടം 18 പ്രകാരം പിരിവിന് നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ മുഖേന ഗ്രാമപഞ്ചായത്തിന് പണം സ്വീകരിക്കാവുന്നതാണ്.

ചട്ടം 82 പ്രകാരം കയ്യെഴുത്ത് രൂപത്തിൽ അക്കൗണ്ട് സൂക്ഷിക്കുകയാണെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരമല്ലാത്ത ഒരു അക്കൗണ്ട് ഫോറവും ഉപയോഗിക്കുവാൻ പാടില്ല. സ്റ്റോക്ക് ബുക്ക് ശരിയായ രീതിയിൽ സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം സെക്രട്ടറിക്കും അക്കൗണ്ടന്റിനുമാണ്. സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സ്റ്റോക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ചട്ടം 83 പ്രകാരം രസീതി ബുക്കുകൾ അവയുടെ ക്രമനമ്പർ അടിസ്ഥാനത്തിൽ ഇഷ്യു ചെയ്യേണ്ടതാണ്. രസീതി ബുക്കിലുള്ള പേജുകളുടെ എണ്ണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. വൈദ്യുത ശ്മശാനം

മരുതറോഡ് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ചന്ദ്രനഗർ ഇലക്ട്രിക് ക്രിമറ്റോറിയത്തിന്റെ 8/8/2019 മുതൽ 16/02/2020വരെയുള്ള കാലയളവിലെ മാന്വൽ രശീതികൾ പരിശോധിച്ചു.
ക്രിമറ്റോറിയത്തിന്റെ ആവശ്യത്തിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത രസീതിയാണ് ഉപയോഗിച്ചു വരുന്നത്. സ്വകാര്യ പ്രസ്സിലാണ് ഇവ അച്ചടിച്ചു വരുന്നത്. തൻവർഷത്തിൽ അശ്വതി

പ്രിന്റിംഗ് പ്രസ്സ്, കൽമണ്ഡപം എന്ന സ്ഥാപനത്തിൽ 30 രസീതി ബുക്കുകൾ അച്ചടിച്ചിട്ടുണ്ട്. (വൗച്ചർ നം. 21801301 തിയതി 4/2/2019 പ്രകാരം ചെലവ് 4200 രൂപ).

ഡബിൾ സൈഡഡ് കാർബൻ ഉപയോഗിക്കാതെയാണ് രസീതികളിൽ വിവരങ്ങൾ എഴുതിയിരിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ശ്മശാനത്തിൽ ഉപയോഗിക്കുന്ന രസീതിബുക്കുകളുടെ കൈകാര്യച്ചുമതല ഓഫീസ് ഓർഡർ പ്രകാരം ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

2) നിയമാനുസൃത രസീതി ബുക്കുകൾ ഉപയോഗിക്കേണ്ടതാണ്.

2. ആംബുലൻസിന്റെ വാടക രേഖപ്പെടുത്തുന്നതിനുള്ള രസീതി വിതരണത്തിൽ അപാകതകൾ

പഞ്ചായത്തിന് കീഴിലുള്ള കെ.എൽ Z- 5913 നമ്പർ മാരുതി ഒമ്നി ആംബുലൻസ് വാഹനം 2010 ലാണ് വാങ്ങിച്ചിട്ടുള്ളത്.

രസീതി പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

രസീതി ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

രസീതി ബുക്കുകൾ ഇഷ്യൂ ചെയ്ത് നല്കുന്നത് ആർക്കാണ് എന്നു രേഖപ്പെടുത്തുന്നില്ല.

യാതൊരു ബുക്ക് നമ്പറും ഇടാതെ അച്ചടിച്ച രസീതി ബുക്കുകളാണ് ഉപയോഗിക്കുന്നത്.

സ്വകാര്യ പ്രസ്സിൽ നിന്നാണ് ഈ രസീതി ബുക്കുകൾ വാങ്ങി ഉപയോഗിക്കുന്നതെന്ന് ഡ്രൈവർ വ്യക്തമാക്കിയിട്ടുണ്ട്. രസീതികളിൽ ടൂറിസ്റ്റ് ടാക്സി രസീതി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

രസീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

ആംബുലൻസിന്റെ ലോഗ് ബുക്ക് മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാഹനത്തിന്റെ വാടക നിശ്ചയിച്ച് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. നിലവിൽ രസീതികൾ മുഖേന പണം സ്വീകരിക്കുന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വിശദീകരിച്ചിട്ടില്ല.

ഉദാ.

6/12/19 ന് 8 കി.മീ ന് 350/- രൂപ.

7/12/19 ന് 7 കി.മീ ന് 350/- രൂപ.

10/12/19 ന് 9 കി.മീ ന് 350/- രൂപ.

9/12/19 തിയതിയിൽ 18 കി.മീ ന് 400/- രൂപ.

22/12/19 തിയതിയിൽ 13 കി.മീ.ന് 400/- രൂപ.

23/12/19തിയതിയിൽ 12കി.മീ.ന് 400/- രൂപ.

19/12/19 തിയതിയിൽ 28കി.മീ.ന് 400/- രൂപ.

ഓഡിറ്റ് നിർദ്ദേശം

രസീതികളുടെ ഉപയോഗം നിയമാനുസൃതമാക്കേണ്ടതാണ്.

ആംബുലൻസിന്റെ വാടക നിശ്ചയിച്ച് നൽകി ആയത് കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതും ഉചിതമായി തുടർനടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

മേൽ വിഷയങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.16 തിയതി 29/02/2020 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ തൊഴിലിലേർപ്പെട്ട ഏതാനും പേരിൽ നിന്നും തൊഴിൽനികുതി (ജീവനക്കാർ) ഈടാക്കിയിട്ടില്ല.

1. ഗ്രാമപഞ്ചായത്തിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസ് എടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന താരതമ്യേന വലിയ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി നികുതി ഈടാക്കിയിട്ടില്ല എന്ന് തൊഴിൽ നികുതി രജിസ്റ്റർ (ജീവനക്കാർ) പരിശോധിച്ചപ്പോൾ കണ്ടെത്തി.

ക്രമ നം.	സ്ഥാപനം	ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ	ജീവനക്കാരുടെ എണ്ണം (അപേക്ഷ പ്രകാരം)
1	കന്തസ്വാമി മെറ്റൽ റോളിംഗ് മിൽസ്	21	ലഭ്യമല്ല
2	രാധ മെറ്റൽ ഇൻഡസ്ട്രീസ്	22	ലഭ്യമല്ല
3	സൈൻലാബ് ടെക്നോളജീസ്	32	7
4	സ്റ്റൈൽ ഹൗസ് ടൈൽസ്	41	5
5	വുഡ്സ് പ്ലൈ, പ്ലൈവുഡ്സ്	45	1
6	സായ് ഗ്യാസ് ഏജൻസീസ്	71	10
7	ജയലക്ഷ്മി മെറ്റൽസ്	101	3
8	പെരുമാളിൽ ട്രേഡിംഗ്സ്	103	10
9	സ്നേഹ വെറ്റ് ഗ്രൈൻഡേഴ്സ്	125	ലഭ്യമല്ല
10	എസ്.എം പോളിമെർ	136	ലഭ്യമല്ല
11	മീനാകുമാരി അലുമിനിയം വർക്സ്	143	7
12	പ്രഭ ട്രേഡേഴ്സ് കറി പൗഡർ	145	9

13	കൊട്ടാരം ഫ്ലറിംഗ്സ്	183	3
14	നന്ദനം ഗ്യാസ് ഏജൻസീസ്	188	ലഭ്യമല്ല
15	ആംപ്റ്റക്സ് പ്രോഡക്ടിസ്, മോൾഡഡ് പ്ലാസ്റ്റിക്സ്	197	2
16	ലക്ഷ്മി എഞ്ചി സ്റ്റിക്സ്	246	ലഭ്യമല്ല
17	ഐ.സി.പി.ഗ്യാസ് ഏജൻസീസ്	287	1
18	സ്വാതി ഗാർമെന്റ്സ് മാനുഫാക്ചറിംഗ്	289	10
19	യൂണിവേഴ്സൽ ടയേഴ്സ്	323	ലഭ്യമല്ല
20	ഹോട്ടൽ ശ്രീ ആര്യാസ്	132	ലഭ്യമല്ല

2. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി (ജിവനക്കാർ) കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/28.2.2020) മേൽ സൂചിപ്പിച്ചിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-12 വസ്തു നികുതി നിർണ്ണയം- കെട്ടിടത്തിന്റെ തരം സഞ്ചയയിൽ തെറ്റായി ചേർത്തിരിക്കുന്നു

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ, വാണിജ്യ ആവശ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ച വിവിധ സ്ഥാപനങ്ങൾക്ക്/കെട്ടിടങ്ങൾക്ക് അവയുടെ യഥാർത്ഥ ഉപയോഗ ക്രമത്തിൽ നിന്നും വ്യത്യസ്തമായി പാർപ്പിടാവശ്യത്തിന് എന്ന നിലയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളതായി വസ്തു നികുതി സംബന്ധിച്ച സഞ്ചയ രജിസ്റ്റർ , ഫോറം-6 എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	വസ്തു നികുതി നിർണ്ണയിച്ച തരം	വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ	ചതുരശ്ര മീറ്ററിന് നികുതി	ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനം	യഥാർത്ഥത്തിൽ ചതുരശ്ര മീറ്ററിന് ബാധകമായ നികുതി
8/277	പാർപ്പിടാവശ്യം	122	7	ആക്രി കച്ചവടം	60
10/515	പാർപ്പിടാവശ്യം	40	7	ആയുർവേദ ക്ലിനിക്ക്	50
14/131	പാർപ്പിടാവശ്യം	192	7	തുണിത്തരങ്ങൾ കച്ചവടം	60

13/446	പാർപ്പിടാവശ്യം	842	7	ഗ്രാന്റ് മോട്ടോഴ്സ് -ബജാജ്	60

വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/28.2.2020) മേൽ ക്രമ നമ്പർ 1 പ്രകാരമുള്ള കെട്ടിടത്തിന്റെ നമ്പർ ലൈസൻസ് രജിസ്റ്ററിൽ തെറ്റായാണ് ചേർത്തിരിക്കുന്നത്. ക്രമ നമ്പർ 2, 3 എന്നിവയിൽ സ്ഥലപരിശോധന നടത്തി വാണിജ്യാവശത്തിന് എന്നതരത്തിലേക്ക് നികുതി പുനർ നിശ്ചയിക്കുന്നതാണ് എന്നും വിശദീകരണം നൽകിയിട്ടുണ്ട്.ക്രമ നമ്പർ 4 കെട്ടിടം സംബന്ധിച്ച് ഹൈക്കോടതി കേസ് നിലവിലുള്ളതായും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും ബേസ് ഡാറ്റായിൽ ഇത്തരത്തിലുള്ള അപാകതകൾ നിലനിൽക്കുന്നത് ഡാറ്റാ പ്യൂരിഫിക്കേഷൻ കുറ്റമറ്റ രീതിയിൽ നടന്നിട്ടില്ല എന്നാണ് വ്യക്തമാകുന്നത്.
അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-പോരായ്മകൾ പരിഹരിക്കേണ്ടതാണ്

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് പിരിവിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഓഡിറ്റ് വർഷത്തിൽ പുതുക്കിയ ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കിയിട്ടില്ല

31.10.2017 തിയതിയിലെ എസ്.ആർ.ഒ നം. 674/201 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം അസഹ്യവും ആപൽകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. പുതുക്കിയ പട്ടിക രണ്ട് പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ സ്ഥാപനങ്ങളെ നിർമ്മാണ മേഖല, സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്.

ക്രമ നം.	വ്യവസായസ്ഥാപനത്തിന്റെ തരം	ചുമത്താവുന്ന പരമാവധി തുക
1	മൈക്രോ	500/-
2	മിനി	1000/-
3	സ്മാൾ	5000/-

4	മീഡിയം	10000/-
5	ലാർജ്ജ്	15000/-

2018-19 സാമ്പത്തിക വർഷത്തിൽ അപേക്ഷകളിൽ പുതുക്കിയ ചട്ടങ്ങൾ പ്രകാരമുള്ള ഭേദഗതി വരുത്തിയിട്ടില്ല. സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപത്തിന് പകരം വിറ്റുവരവാണ് രേഖപ്പെടുത്തുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ഫീസ് ഈടാക്കിയിട്ടുള്ളത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് വിലയിരുത്തുന്നു.

2. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 ൽ ഉൾപ്പെട്ട ലൈസൻസിന്റെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണെങ്കിലും പട്ടിക 1 ൽ ഉൾപ്പെട്ട കള്ള് ഷാപ്പുകൾ (ക്രമ നമ്പർ 139), റേഷൻ കടകൾ (ക്രമ നമ്പർ 149)തുടങ്ങിയ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

3. ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ ചട്ടപ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഉള്ള ലൈസൻസ് എടുത്തിട്ടുള്ള ചുവടെ ചേർക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും 1996 -ലെ കേരള പഞ്ചായത്ത് രാജ് (പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം
1	ലെജീവ്സ് ഡെന്റൽ ക്ലിനിക്ക്
2	ലീഷ ഡെന്റൽ കെയർ
3	ഐഡിയൽ ഡെന്റൽകെയർ

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/28.2.2020) പുതുക്കിയ വിജ്ഞാപനം അനുസരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നീ രീതിയിൽ തരം തിരിച്ച് ഫീസ് ഈടാക്കുന്നതിനും,പട്ടിക 1 ൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മേൽ സ്ഥാപനങ്ങളെ 2019-20 സാമ്പത്തിക വർഷത്തിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടപ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-14 അനധികൃതമായി നിർമ്മിച്ച ഫ്ലാറ്റിന് നിയമാനുസൃത വസ്തുനികുതി നിശ്ചയിച്ച് ഈടാക്കേണ്ടതാണ്

ശ്രീ. കെ.എസ്.സേതുമാധവൻ, S/O. സുകുമാരൻ എന്ന വ്യക്തി മരുതറോഡ് വില്ലേജ് റീസർവേ നമ്പർ 74/5, 6 എന്ന സ്ഥലത്തിൽ നിർമിച്ച 6156 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള 12 നിലകളുള്ള ഫ്ലാറ്റിന്റെ നിർമാണം ക്രമവൽക്കരിക്കുന്നതിനായി 13.9.2018 തിയതിയിൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്നും 03-08-2012 തിയതിയിൽ കെട്ടിടത്തിന് എ2.4480/12 (revised) നമ്പറായി പെർമിറ്റ് നൽകിയിരുന്നുവെങ്കിലും തുടർന്ന് പെർമിറ്റ് പുതുക്കി നൽകിയിരുന്നില്ല.

അപേക്ഷയും ഫയലും പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം സർവ്വേ നം. 74/5-919 ച.മീ, 74/5-809 ച.മീ, 74/6-486 ച.മീ എന്നിവ നിലം കാറ്റഗറിയിൽ ഉൾപ്പെടുന്നതാണെന്ന് കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ പരിവർത്തനാനുമതി സംബന്ധിച്ച രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

കൈവശാവകാശ സർട്ടിഫിക്കറ്റ്, നികുതി രശീതി, ആധാരം എന്നിവയിൽ സ്ഥലത്തിന്റെ വിസ്തീർണത്തിൽ വ്യത്യാസമുണ്ട്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ3-7713/2018 തിയതി 29-11-2018 നം. കത്ത് പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തി ന്യൂനതകൾ പരിഹരിച്ച് ഓൺലൈൻ ആയി അപേക്ഷ പുന:സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

2011 ലെ കെ.പി.ബി.ആറിലെ ചട്ടം 35 ലെ പട്ടിക 2 പ്രകാരം കാറ്റഗറി-II ഗ്രാമപഞ്ചായത്തിലെ 300 ച.മീറ്ററിൽ കൂടുതലുള്ള പാർപ്പിടം എ1 കാറ്റഗറിയിൽപ്പെട്ട കെട്ടിടത്തിന് അധിക ഫീസോടുകൂടി അനുവദനീയമായ പരമാവധി FAR 2.5 ആണ്. ക്രമവത്കരണത്തിനായി സ്ഥാപനം സമർപ്പിച്ച പ്ലാനിൽ എഫ്.എ.ആർ ആയി രേഖപ്പെടുത്തിയിട്ടുള്ളത് 2.69 ആണ് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ ഈ കെട്ടിടം പ്രാഥമികമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സെക്രട്ടറിക്ക് ക്രമവത്ക്കരിച്ചു നൽകാവുന്നതല്ല എന്ന് കാണുന്നു.

<u>ഓഡിറ്റ് നിർദ്ദേങ്ങൾ</u>

1. കേരള പഞ്ചായത്ത് ബിൽഡിംഗ്(അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം)ചട്ടങ്ങൾ, 2018 പ്രകാരം അപേക്ഷകന് ക്രമവത്ക്കരണത്തിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അപേക്ഷകനെ അറിയിക്കാവുന്നതാണ്. സെക്രട്ടറി, ഡി.ഡി.പി, ജില്ലാ ടൗൺ പ്ലാനർ എന്നിവരടങ്ങിയ സമിതിക്കാണ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം. നിലവിൽ 31-3-2020 വരെ ചട്ട പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. നിയമാനുസൃതമല്ലാതെ നിർമാണം പൂർത്തീകരിച്ച മേൽ കെട്ടിടത്തിന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള യു.എ. നമ്പർ നൽകി അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ (ഫാറം.10) ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തേണ്ടതാണ്.

3. നിയമാനുസൃതമല്ലാത്ത നിർമിച്ച കെട്ടിടത്തിൽ നിന്നും 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235എഎ പ്രകാരം നിയമാനുസൃതം നിർമിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടം ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തപക്ഷം കെ.പി.ബി.ആർ പ്രകാരം സെക്രട്ടറിയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/29.2.2020) മേൽപ്രകാരം അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ ഉൾപ്പെടുത്തി നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ശമ്പള പരിഷ്കരണം അനുസരിച്ച് പുതുക്കിയ നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിട്ടില്ല.

തൻവർഷം 05/2018, 10/2018, മാസങ്ങളിലായി വിവിധ ബില്ലുകളിലായി ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം.	തിയ്യതി	തുക
1	21800100	20-4-2018	55384
2	21800101	20-4-2018	186057
3	21800793	1-10-2018	184934

തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ മേൽ പട്ടികയിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല എന്നു ബോധ്യപ്പെട്ടു.

ഓഡിറ്റ് അന്വേഷണം നം. 17(3)/29-2-2020 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-16 തെരുവു വിളക്കുകളുടെ പരിപാലനം

കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക 3 അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഈ ഇനത്തിൽ ധാരാളം തുക ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

തെരുവു വിളക്കുകളുടെ വിവരം

വാർഷിക റിപ്പോർട്ട് പ്രകാരമുള്ള തെരുവു വിളക്കുകളുടെ കണക്ക് താഴെ ചേർക്കുന്നു.

ഇനം	എണ്ണം
ഓർഡിനറി ലാമ്പുകൾ	693
സി.എഫ്.എൽ	176
LED	175
ഫ്ലൂസന്റ് ട്യൂബ്	806
ആകെ	1850

തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പാക്കാനായി വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ യഥാർത്ഥത്തിൽ നിലവിലുള്ള ലാമ്പുകളുടെ കണക്കാണോ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

മീറ്റർ സ്ഥാപിച്ചതിന്റെ വിവരം

മരുതറോഡ് സെക്ഷനിൽ 80 മീറ്ററുകളും എലപ്പുള്ളി സെക്ഷനിൽ 4 മീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. രണ്ടു സെക്ഷനുകൾക്ക് കീഴിലുമായി പ്രതിമാസം ശരാശരി 142000 രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കി വരുന്നുണ്ട്. മീറ്ററുകൾക്ക് കീഴിലല്ലാത്ത ലാമ്പുകൾക്ക് 57051 രൂപയും ഒടുക്കുന്നുണ്ട്. പ്രതിമാസം ശരാശരി രണ്ട് ലക്ഷം രൂപയോളം വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്.

എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിലാക്കുകയും ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ മാറ്റി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുകയും ചെയ്താൽ വൈദ്യുത ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണെന്ന് വിലയിരുത്തുന്നു.

തെരുവു വിളക്കുകളുടെ പരിപാലനത്തിനായി 2018-19 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

വൈദ്യുതി ചാർജ്ജ്	3062459
റിപ്പയർ ചാർജ്ജ്	866240
ആകെ	3928699

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഓഡിറ്റ് നിർദ്ദേശം

- ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മീറ്ററിനു കീഴിലല്ലാത്ത ലാമ്പുകളുടെ കൃത്യമായ കണക്ക് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി അധിക വൈദ്യുതി ചാർജ്ജ് അടവാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

- തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പുറപ്പെടുവിച്ച സർക്കുലർ നം. 3055/ ഡി.എ3/2011/തസ്വഭവ തിയതി 15-09-2011 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് പരിപാലനം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ഓരോ ഇനം ലാമ്പുകളുടെ കൃത്യമായ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റപ്പണികൾക്കുള്ള അടങ്കൽ തുക നിശ്ചയിക്കേണ്ടതാണ്.

- തെരുവു വിളക്കുകൾ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുമ്പോൾ 25000 രൂപയ്ക്ക് മുകളിലാണെങ്കിൽ GeM മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.15/29-2-2020നുള്ള മറുപടിയിൽ തുടർപ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 കുടിവെള്ള പദ്ധതികളുടെ പരിപാലനം - ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഏറുന്നു

മരുതറോഡ് ഗ്രാമപഞ്ചായത്ത് 7 കുടിവെള്ള പദ്ധതികൾ നേരിട്ട് പരിപാലിക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. കുടിവെള്ള പദ്ധതികളും ഉപഭോക്താക്കളും

7 കുടിവെള്ള പദ്ധതികളിലായി ആകെ 1692 ഉപഭോക്താക്കൾ ഉള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ആയതിൽ 5 ഗാർഹികേതര ഉപഭോക്താക്കൾ മാത്രമാണുള്ളത്. ഗാർഹിക ഉപഭോക്താക്കളിൽ നിന്നും പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്നും 250 രൂപ നിരക്കിലുമാണ് വെള്ളക്കരം ഈടാക്കുന്നത്.

ബി. ഡിമാന്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഉപഭോക്താക്കളുടെ എണ്ണം, പിരിച്ചെടുത്ത തുക, പിരിച്ചെടുക്കാനുള്ള തുക എന്നിവ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് കമ്പ്യൂട്ടറിന്റെ സഹായത്തോടെ തയ്യാറാക്കി വരുന്നുണ്ടെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. ഓരോ ഉപഭോക്താവിന്റേയും കുടിശ്ശിക തിട്ടപ്പെടുത്തിയിട്ടുമില്ല.

സി. വരവ്

വാർഷിക കണക്കുകൾ പ്രകാരം 2018-19 വർഷത്തെ വെള്ളക്കരം വരവ് 626902 രൂപയും കുടിശ്ശിക വരവ് 285494 രൂപയുമാണ്. ആകെ 912396 രൂപ. നിലവിൽ 17.59 ലക്ഷം രൂപ കുടിശ്ശികയായി ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഈടാക്കുന്നില്ല എന്ന് രസീതി പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

ഡി. ചെലവിന്റെ വിവരം

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനുള്ള ചെലവ് താഴെ ചേർക്കുന്നു.

ചെലവിനം	തുക
വൈദ്യുതി ചാർജ്	1993905
റിപ്പയേഴ്സ് & മെയിന്റനൻസ്	190473
പമ്പ് ഓപ്പറേറ്റർമാർക്കുള്ള വേതനം (16*1000*12)	192000
ആകെ	2376378

കുടിവെള്ള പദ്ധതികൾക്കായി 23 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കേണ്ടി വരുന്നുണ്ട്. വെള്ളക്കരം ഇനത്തിലെ വരവ് താരതമ്യേന കുറവും പ്രവർത്തനച്ചെലവ് വളരെ കൂടുതലുമാണെന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിലും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനം നടത്തിയിട്ടില്ല എന്ന് വിലയിരുത്തുന്നു. ഇത് ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്.

ഇ. സർക്കാർ ഉത്തരവ് പാലിക്കുന്നില്ല

സ.ഉ (സാധാരണ) നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ചിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം പാലിച്ചിട്ടില്ല. കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ലാത്തതുമൂലം വെള്ളക്കരം ഇനത്തിലെ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും സ്ഥാപനങ്ങളുടെ ധനസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടും പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല.

എഫ്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ(സാ) നം. 1275/2009/ ത.സ്വ.ഭ.വ തിയതി 30-5-2009 ലെ നിർദ്ദേശം പാലിച്ച് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

2. വെള്ളക്കരം കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

3. ഡിമാന്റ് രജിസ്റ്റർ കാലികമാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. കുടിശ്ശിക വരുത്തുന്നവരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാകേണ്ടതാണ്.

5. വെള്ളക്കരം കാലാനുസൃതമായി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.15(2)/29-2-2020നുള്ള മറുപടിയിൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 പൊതുടാപ്പുകളിലൂടെയുള്ള കുടിവെള്ള വിതരണം - വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

മരുതറോഡ് ഗ്രാമപഞ്ചായത്തിൽ 267 പൊതു ടാപ്പുകൾ നിലവിലുണ്ട്. പ്രതിമാസം 116813 രൂപ തനത് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ ജല അതോറിറ്റിക്ക് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 14 ലക്ഷം രൂപയോളം ഈ ഇനത്തിൽ ചെലവ് വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി പൊതുടാപ്പുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് പതിമൂന്നാം പദ്ധതിയുടെ പദ്ധതിയുടെ സമീപനം. ഗാർഹിക കണക്ഷനുകൾക്ക് സബ്സിഡി അനുവദിച്ചതായും കാണുന്നില്ല.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 8(2)/28-2-2020 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ഇലക്ട്രിക് ക്രിമട്ടോറിയത്തിന്റെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

കേരളത്തിൽ പരിമിതമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാത്രമാണ് ഇലക്ട്രിക് ക്രിമട്ടോറിയങ്ങൾ ഉള്ളത്. പാലക്കാട് ജില്ലയിൽ ആകെയുള്ള വൈദ്യുതി ശ്മശാനം മരുതറോഡ് ഗ്രാമപഞ്ചായത്തിന് കീഴിലാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഇലക്ട്രിക് ക്രിമട്ടോറിയത്തിന്റെ പരിപാലനം കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

വരവ്

വാർഷിക കണക്ക് പ്രകാരം വരവ് - 3657500 രൂപ

പരിപാലനച്ചെലവ്

വൈദ്യുതി ചാർജ്ജ് - 1257736

ജീവനക്കാരുടെ വേതനം - 721953

റിപ്പയർ, പരിപാലനം - 929673

ആകെ - 2909362

നിലവിൽ 1750 രൂപയാണ് ഒരു മൃതദേഹം സംസ്കരിക്കുന്നതിനായി ഈടാക്കി വരുന്നത്. പരിപാലനത്തിനായി താഴെ പറയും പ്രകാരം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

തസ്തിക	എണ്ണം	പ്രതിമാസ വേതനം
ഫർണസ് ഓപ്പറേറ്റർ	2	10000
ഫർണസ് ഓപ്പറേറ്റർ	2	7000
സ്വീപ്പർ	1	8500
സൂപ്പർവൈസർ	1	10000

ക്രമട്ടോറിയത്തിന്റെ നടത്തിപ്പിനായി അംഗീകൃത ബൈലോ നിലവിലില്ല എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

നവീകരണ പ്രവൃത്തിയുടെ വിവരം

2018-19 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 235000 രൂപയും ബ്ലോക്ക് വിഹിതമായി ലഭിച്ച 4000000 രൂപയും വകയിരുത്തി ചന്ദ്രനഗർ വൈദ്യുതി ശ്മശാനം വൈദ്യുതീകരണം എന്ന പേരിൽ ഒരു പ്രൊജക്ട് ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊ.നം. 241/19.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

തൻവർഷം പ്രോജക്ട് പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

2019-20 വർഷത്തിൽ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും തുക അനുവദിക്കുന്നതിനുള്ള നടപടികൾ തുടരുകയാണെന്നും അധികൃതർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ശ്മശാനത്തിന്റെ നടത്തിപ്പിനായി ഒരു നിയമാവലി രൂപീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കാവുന്നതാണ്.

2. ശ്മശാനത്തിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ ഔദ്യോഗിക നിലയിൽ ചുമതലപ്പെടുത്തേണ്ടതാണ്.

3. നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.17(2)/29-2-2020 നുള്ള മറുപടിയിൽ ശ്മശാനത്തിന്റെ നടത്തിപ്പിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 വാഹനത്തിന്റെ ഉപയോഗം-പ്രധാന രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്

ജി.ഒ(എം.എസ്)നം.170/07തസ്വഭവ തിയതി 30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി 12.8.2008 ന് 41/2008-ാം നമ്പരായി ധനവകുപ്പ് വിശദമായ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അധീനയതിലുള്ള വാഹനങ്ങളുടെ ഉപയോഗത്തിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

വാഹന നം. KL-U-3991-Bolero Jeap

വാഹന നം. KL-Z-5913-Maruthi Omini - Ambulance

എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വാഹനങ്ങളുടെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്.

ആംബുലൻസ് : ആംബുലൻസിന്റെ ലോഗ് ബുക്കിന്റെ എല്ലാ കോളങ്ങളും പൂരിപ്പിക്കാതെയും ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്താതെയും ഒഴിച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

ജീപ്പ്: ജീപ്പിന്റെ ലോഗ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

വെഹിക്കിൾ ഹിസ്റ്ററി ബുക്ക്

സ.ഉ(പി)നം.161/2006/ഫിൻ തിയതി 31-3-2006 പ്രകാരം സൂക്ഷിക്കേണ്ട വെഹിക്കിൾ ഹിസ്റ്ററി ബുക്ക്, ഇൻഷുറൻസ് പോളിസിയുടെ വിവരം മുതലായവ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ബി. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ്

ഓരോ ആറു മാസം കൂടുമ്പോഴും ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണ്. ജീപ്പിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നുണ്ടെങ്കിലും ആംബുലൻസിന്റെ ടെസ്റ്റ് 2010 ന് ശേഷം നാളിതുവരെ നടത്തിയിട്ടില്ല.

സി. ഇന്ധനം നിറയ്ക്കൽ

കസ്റ്റോഡിയൻ ഓഫീസറുടേയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണെന്ന നിബന്ധനയും പാലിക്കുന്നില്ല.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വാഹനത്തിന്റെ ഉപയോഗത്തിൽ ജി.ഒ(എം.എസ്)നം.170/07തസ്വഭവ 30.6.2007 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
2. ആവശ്യമായ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. ആംബുലൻസിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് അടിയന്തിരമായി നടത്തേണ്ടതാണ്.
4. നിയന്ത്രണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 17(1)/29-2-2020 നുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 അസാധാരണ ചെലവുകൾ - ചട്ടങ്ങൾ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ്(അസാധാരണച്ചെലവ്) ചട്ടങ്ങൾ പ്രകാരം വർഷത്തിൽ മിച്ച ഫണ്ടിന്റെ 20% വരെയും എന്നാൽ 1 ലക്ഷം രൂപയിൽ കവിയാതെയും അസാധാരണച്ചെലവിനത്തിൽ തുക ചെലവഴിക്കാവുന്നതാണ്. അസാധാരണച്ചെലവുകൾക്ക്

പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും വൗച്ചറുകൾ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൻവർഷത്തെ അസാധാരണച്ചെലവ് നിർവ്വഹണത്തിൽ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷത്തെ അസാധാരണ ചെലവുകളുടെ വിവരം

ക്രമ നം.	വൗച്ചർ നമ്പർ, തിയതി	ചെലവ്	വിശദാംശം
1	357/18-6-18	42000	സമ്പൂർണ്ണ എ+ വാങ്ങിയ SSLC, +2 വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
2	399/26-6-18	7000	അനുമോദനം - മൈക്ക് വാടക
3	401/26-6-18	2500	അനുമോദനം - നോട്ടീസ് പ്രിന്റിംഗ്
4	405/28-6-18	3000	അനുമോദനം - ക്യാഷ് അവാർഡ്
5	438/2-7-18	649	അനുമോദനം - ബാനർ
6	445/2-7-18	16970	അനുമോദനം-പന്തൽ, സ്റ്റേജ്, ഫർണീച്ചർ
7	446/2-7-18	1240	അനുമോദനം-ഫോട്ടോ
8	988/3-12-18	4800	വിജ്ഞാൻവാടി ഉത്ഘാടനം-സൗണ്ട്
9	989/3-12-18	4850	വിജ്ഞാൻവാടി ഉത്ഘാടനം-വാഹനം
10	990/3-12-18	4850	നവീകരിച്ച കുളങ്ങളുടെ ഉത്ഘാടനം-വാഹനം, ജനറേറ്റർ
11	991/3-12-18	4900	നവീകരിച്ച കുളങ്ങളുടെ ഉത്ഘാടനം-സൗണ്ട്
12	1075/18-12-18	1416	ഉത്ഘാടനച്ചടങ്ങ്-ബാനർ
13	1261/4-2-19	2200	നവീകരിച്ച കുളങ്ങളുടെ ഉത്ഘാടനം-പ്രിന്റിംഗ്
14	1264/4-2-19	1100	വിജ്ഞാൻവാടി ഉത്ഘാടനം-പ്രിന്റിംഗ്
ആകെ		97475	

അസാധാരണച്ചെലവ് നിരീക്ഷിക്കുന്നതിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പരിധിയിൽ കവിഞ്ഞ് ചെലവ് നിർവ്വഹിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാൻ സാധിക്കാതെ

വരുന്നതാണ്.

അസാധാരണച്ചെലവുകളുടെ ചെലവ് പരിധി കർശനമായി പാലിക്കേണ്ടതാണെന്നും അധികമായി ചെലവഴിക്കുന്ന തുക ബന്ധപ്പെട്ടവരുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും സർക്കുലർ നം. 451/എഫ്.എം.2/2015/ത.സ്വ.ഭ.വ തിയതി 17-12-2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 12359 രൂപ അധികമായി ചെലവഴിച്ചത് നിർവ്വഹണാധികാരിയായ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അസാധാരണച്ചെലവുകളുടെ ചെലവ് നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2. രേഖകൾ പ്രത്യേകം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 17(4)/29-2-2020 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 ടാർ വാങ്ങി നൽകൽ - ബി.പി.സി.എല്ലിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

2017-18 വർഷത്തിൽ ആവിഷ്കരിച്ച 57 ടാറിംഗ് പ്രവൃത്തികൾക്കുള്ള ടാർ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകുന്നതിനായി തീരുമാനിക്കുകയും കരാറുകാരുടെ ബില്ലുകളിൽ നിന്നും ടാറിന്റെ വില കുറവു ചെയ്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റുകയും തുടർന്ന് ബി.പി.സി.എൽ എന്ന സ്ഥാപനത്തിന് ആകെ 4064412 രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ നിന്നും തുക കൈമാറിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

ചെക്ക് നം. 2275693/13-3-2018 – 2500000 &

2275694/14-3-2018 – 1564412

ബി.പി.സി.എല്ലിൽ നിന്നുള്ള 10 ഇൻവോയ്സുകൾ പ്രകാരമുള്ള യഥാർത്ഥ ചെലവ് താഴെ ചേർക്കുന്നു.

VG-30 - 3447800 (643 ബാരലുകൾ)

RS-1 - 594636 (88ബാരലുകൾ)

ആകെ - 4042436

അധികം നൽകിയ തുക – 21976

ഓഡിറ്റ് അന്വേഷണം നം. 8/28-2-2020 നുള്ള മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ടാർ കമ്പനിയുടെ കൈവശം അവശേഷിക്കുന്ന 21976 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക് നമ്പർ	മുൻകൂർ നൽകിയ തുക
കെ.എസ്. ഇ.ബി	8/19- സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ	10/26-9-18	993772
	152/19- സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ	13/17-11-18	78400
ജല അതോറിറ്റി	89/19-സമഗ്ര കുടിവെള്ള പദ്ധതി	17/23-11-18	500000

മേൽ പ്രവൃത്തികളുടെ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നതിനായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 8(3)/28-2-2020 നുള്ള മറുപടിയിൽ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും പ്രവൃത്തിയുടെ പൂർത്തീകരണ രേഖകകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-24 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ 148 പ്രവൃത്തികളിൽ 111 എണ്ണം തൻവർഷം പൂർത്തീകരിക്കുകയോ, ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരു ത്തിയ 4.95 കോടി രൂപയിൽ 2.71കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടു ള്ളത്. ആകെ വകയിരുത്തിയ തുകയുടെ 55% മാത്രമാണ് തൻവർഷത്തെ ചെലവ്. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

എ. പ്രോജക്ടുകളുടെ ആധിക്യം

തൻവർഷം അംഗീകാരം ലഭിച്ച 148 മരാമത്ത് പ്രവൃത്തികളിൽ 74 എണ്ണവും (50%) സ്പിൽഓവർ പ്രോജക്ടുകളാണ്. സ്പിൽ ഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും സ്പിൽ ഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച 57 ടാറിംഗ് പ്രവൃത്തികൾക്കാവശ്യമായ ടാർ ഗ്രാമപഞ്ചായത്താണ് ലഭ്യമാക്കിയിട്ടുള്ളത്. ടാർ ലഭ്യമാകുവാനുണ്ടായ കാലതാമസം കാരണം എല്ലാ പ്രവൃത്തികളും സ്പിൽ ഓവർ ആയി മാറിയത് തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

2019 മാർച്ച് മാസത്തിൽ സമർപ്പിച്ച 15 ബില്ലുകൾ കൃ ബില്ലുകളായി മാറുകയും ആകെ 47.93 ലക്ഷം രൂപ തൻവർഷത്ത ചെലവിൽ ഉൾപ്പെടാതെ പോവുകയും ചെയ്തിട്ടുണ്ട്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പാർട്ട് ബ്ലില്ലുകൾ നൽകാതിരിരുന്നതും ഭൂരിഭാഗം ബില്ലുകളും സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറിയിൽ സമർപ്പിച്ചതിനാലുമാണ് ചെലവു ശതമാനം കുറയുവാൻ ഇടയാക്കിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് കൃത്യമായ ഇടവേളകളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകുവാൻ ശ്രദ്ധിച്ചാൽ ചെലവ് ശതമാനം വർദ്ധിപ്പിക്കാവുന്നതാണെന്ന് വിലയിരുത്തുന്നു.

ബി. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിൽ അപാകത

വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത് കരാറുകാരുടെ അപേക്ഷയില്ലാതെയാണ്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ കരാറുകാരുടെ അപേക്ഷയിന്മേൽ അന്വേഷണം നടത്തി അസി. എഞ്ചിനിയർ വിശദമായ റിപ്പോർട്ട് തയ്യാറാക്കി അനുമതി നൽകേണ്ടതാണ്. ഇക്കാര്യത്തിൽ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

കാലാളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ഇല്ലാതെ ദീർഘിപ്പിച്ചു നൽകിയ ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. PWD മാന്വൽ പ്രകാരം ആദ്യ ഘട്ടത്തിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചു നൽകുമ്പോൾ യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. ആദ്യ ഘട്ടത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഒരു തവണ കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഈ ഘട്ടത്തിലും യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ്

മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. കരാറുകാരുടെ കാരണം കൊണ്ടാണ് കാലാവധി ദീർഘിപ്പിക്കുന്നതെങ്കിൽ ആദ്യ ഘട്ടത്തിൽ PAC യുടെ 1%, രണ്ടാം ഘട്ടത്തിൽ 2% എന്നിങ്ങനെ പിഴ ഈടാക്കേണ്ടതാണ് എന്ന നിബന്ധനയും ആകെ കാലയളവ് 50%ൽ അധികരിക്കരുത് എന്ന നിബന്ധനയും കണക്കിലെടുക്കാതെയാണ് പല പ്രവൃത്തികളും ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

ഇത്തരത്തിലുള്ള ഇളവുകൾ നൽകുന്നതിനാൽ സ്പിൽ ഓവർ പ്രവൃത്തികൾ കൂടുവാൻ ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

<u>സി. രേഖകളുടെ സൂക്ഷിപ്പ്</u>

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് ഉൾപ്പെടെയുള്ള സുപ്രധാന നിബന്ധനകൾ ഉൾപ്പെടെ എഗ്രിമെന്റ് വ്യവസ്ഥകളിൽ പലതും കാലഹരണപ്പെട്ടിട്ടും എഗ്രിമെന്റ് ഫോറം കാലാനുസൃതമായി പുതുക്കിയിട്ടില്ല.

2. ഏതാനും കരാറുകാരുടെ ബില്ലുകളിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തിട്ടില്ല.

3. മെയ്ന്റനൻസ് പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് മുതലായ രേഖകളും സൂക്ഷിച്ചിട്ടില്ല.

4. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.

<u>ഡി. മെയ്ന്റനൻസ് പ്ലാൻ</u>

പദ്ധതി മാർഗ്ഗരേഖ പ്രകാരം മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കി ആയതിനനുസരിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഉൾപ്പെടെയുള്ള മെയ്ന്റനൻസ് പ്രവൃത്തികൾ നടത്തുവാൻ ശ്രദ്ധിച്ചിട്ടില്ല. റോഡിതര ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ അംഗീകാരം ലഭിച്ച താഴെ പറയുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

1. 111/19-മൃഗാശുപത്രി കെട്ടിടം പുനരുദ്ധാരണം - 400000

2. 113/19-കരുമൻകാട് അങ്കണവാടി പുനരുദ്ധാരണം - 200000

3. 120/19-പി.എച്ച്.സി നവീകരണം- 578000

4. 124/19-കല്ലേപ്പുള്ളി അങ്കണവാടി നവീകരണം- 200000

5. 125/19-കൊട്ടേക്കാട് അങ്കണവാടി നവീകരണം- 200000

6. 128/19-ചെമ്മൻകാട് അങ്കണവാടി നവീകരണം- 300000

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.

2. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിലെ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

3. മെയ്ന്റനൻസ് പ്ലാൻ അനുസരിച്ച് മെയ്ന്റനൻസ് പ്രോജക്ടുകൾ രൂപീകരിക്കേണ്ടതും സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്.

4. സാമ്പത്തിക വർഷാവസാനത്തിൽ കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കി കൃ ബില്ലുകൾ ഇല്ലാതാക്കുവാനും തുടർ വർഷങ്ങളിലെ ഫണ്ടുകളിൽ കുറവ് സൃഷ്ടിക്കുവാൻ ഇടയാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

5. രേഖകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കേണ്ടതാണ്.

6. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 4/27-2-2020 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

1-25 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാനുവൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള പി.ഡബ്ല്യു.ഡി മാനുവലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാനുവലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

